
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR
RESEARCHERS

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

# Psalms
# സങ്കീർത്തനങ്ങൾ




| | |
|---|---|
| Call Number | RR-903 |
| Title | Psalms<br>സങ്കീർത്തനങ്ങൾ |
| Topic | Selected 10 Psalms in Malayalam |
| Music by | Jerry Amaldev |
| Lyrics by | Mathew Mulavana SVD |
| Recorded & Published by/Year | Cochin Arts & Communications |
| Printed | |
| Language | Malayalam |
| Copyright | |
| Contributor | Jerry Amaldev |
| Key Words | #Psalms # Jerry Amaldev # Mathew Mulavana SVD #Cochin Arts & Communications #Christian Devotional songs |


Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

SELECTED 10 PSALMS IN MALAYALAM

# സങ്കീർത്തനങ്ങൾ

# PSALMS




JERRY AMALDEV

MATHEW MULAVANA SVD



RECORDED & RELEASED BY COCHIN ARTS AND COMMUNICATIONS



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

C H R I S T I A N
MUSICOLOGICAL
SOCIETY OF INDIA

## 1. നവ്യമാമൊരു

a) 1. നവ്യമാമൊരു ഗാനം ഭവ്യനൂതനരാഗം
വിശ്വമണ്ഡലമാകെയൊന്നായ്, പാടുവിൻ യശസ്തവം; (2)
2. സാനന്ദം വരിക തൻ അങ്കണം പുകു നിങ്ങൾ
പാവനം പ്രഭുനാമം പൂജിത ശ്രീകരമാക്കൂ. (2)

b) 1. മോടിയിൽ പുതുവസ്ത്രം അണിയുവിനങ്കണമേറാൻ
പാരെല്ലാം പ്രഭുവിനെവാഴ്ത്തുവിൻ പുളകാന്വിതം.
2. ഭൂമിയെ ദൃഢതരം സ്ഥാപിച്ചോരധിനാഥൻ
ലോകശാസനം ചെയ്‌വു ഇന്നുമെന്നുമധീശൻ

a) 1. നീതിപാലകനീശാ വിശ്വവിധായക നാഥാ
ഏകുന്നു ജയാരവം അംബുധിയഗാധമാകവേ (2)
2. അംബരമവനിസമേതം താഴ്‌വരഗിരി നിരപോലെ
ആടുന്നു പുളിനങ്ങൾ ആനന്ദ നർത്തനങ്ങൾ (2)

b) 1. പാരിതിൽ വിധിപോലെ നീതിചെയ്യുവതിന്നായ്
ന്യായപാലകനീശൻ വന്നിടും ഇനി ഭുവിൽ
2. ന്യായസത്യസമേതം നീതിഭാവനധീശൻ
രാജശാസനം ചെയ്യും ഭൂതലേ പ്രഭുവീശൻ

a) 1. ആദരാഞ്ജലിയോടേ സാർവലൗകിക ജനമേ
പാടുവിൻ യശോഗാനം പാവനമീശ്വര നാമം (2) നവ്യ..
വിശ്വമണ്ഡലമാകെയൊന്നായ്, പാടുവിൻ യശസ്തവം



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## 2. നീർച്ചാലിനായിഹരിണി

a) നീർച്ചാലിനായി ഹരിണി ദാഹിച്ചുകേഴുമതുപോൽ
നിനക്കായി നാഥ! ഞാനും ദാഹിച്ചിടുന്നു സതതം
ജീവന്ത ദൈവമുഖമേ ഞാനെന്നു കാണുമുദിതം
മമ ദേഹിയുള്ളിനുള്ളിൽ മോഹിച്ചിടുന്നു മഹിയിൽ

b) നിൻ ദൈവമെങ്ങു മനുജാ അതിരൂക്ഷമായി ചോദ്യം
പരിഹാസമോലും കണ്ണീർ ആഹാരമായിതനിശം
പൊന്തീടുമോർമ്മ സ്മൃതിയിൽ ആനന്ദദൃശ്യഗതികൾ
നിരയാർന്നു മിന്നിടുന്നു; ആഹാ! നിറഞ്ഞു മനവും!

a) ജയഘോഷയാത്രയതിലായ് സോത്സാഹ പൂർണ്ണമികവിൽ
പുരുഷാരമൊത്തഹോ ഞാൻ ദേവാലയത്തിലേറി
നീയെന്തിനെന്റെ മനമേ, അഴലേന്തിയേന്തിയുഴലാൻ?
നിനവാർന്നിടാതെ വേഗം ദൈവാശ്രയത്തിലണയൂ

b) ഞാനിന്നു ദൈവകൃപയിൽ ആനന്ദമാർന്നു മരുവാൻ
സ്തുതിഗീതി പാടിടുന്നു; ത്രാതാവെനിക്കു സതതൻ
നീയെന്തിനെന്റെ മനമേ അഴലേന്തിയേന്തിയുഴലാൻ
ഹെറമൻ മിസാര ഗിരിമേൽ ഓർക്കുന്നു നിന്നെ സ്വാമിൻ

a) ചേരാൻ വിളിച്ചു കടലേ നീർചൂഴുമാഴിയതുപോൽ
തിരയേറ്റി ദേവ എന്നിൽ ഭാരിച്ചധാരചൊരിയൂ
ജീവൻ തരുന്നൊരധിപാ കൃപാകടാക്ഷമരുളു
സ്തുതിപാടിടുന്നു നാഥാ! രാവിന്റെ യാമ തികവിൽ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 3. സകലജനാവലി

സകലജനാവലി പാടിടുവിൻ
പ്രഭുജയ കീർത്തനധാനമഹോ
സകല വിധായകനാണു പരൻ
നിജ ജയ ഗീതിക പാടിടുവിൻ
ജയ സകലേശ വിഭോ സ്തോത്രം
ജയ സകലേശ വിഭോ
ജയ ജയ ജഗദ വിഭോ സ്തോത്രം
ജയ ജഗദീശ വിഭോ
നിജ കരുണാർദ്രതയാണിവരിൽ
നിരുപമ ശാന്തിദ കാരണമേ
നിജ തിരുവാക്കുകളിൽ നിരതൻ
അനിതരമാം വരവാരിധിതാൻ
ജയ സകലേശ വിഭോ.............

## 4. ഓ നാഥൻ വരവായ്

ഓ നാഥൻ വരവായ് വരവായ്, വരവായ്, വരവായ്
മഹാരാജൻ വരവായ് വരവായ്, വരവായ്, വരവായ്
നാഥാ വരു വരു, നാഥാ വരു വരു
നാഥാ ത്രാതാ വരു വരു



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ഓ മഹാ കവാടമേ, നീങ്ങു, നീങ്ങു, നീങ്ങു,
നീങ്ങു വാതായനമേ, നീങ്ങു, നീങ്ങു, നീങ്ങു,
രാജാ വരു വരു, രാജാ വരു വരു
രാജാധിരാജാ വരു വരു.

1. ആരഹൊ രാജൻ പ്രബലപ്രമുഖൻ,
ആരിഹ വരുവോനീമഹാൻ ?
ആരഹൊ ആരഹൊ ഈ മഹാൻ ?
പാരിതിലീശൻ പരമ പ്രഭു താൻ
ശക്തിമഹത്തമനീശ്വരൻ,
ഈശ്വരനീശമഹേശ്വരൻ
ഓ നാഥൻ വരവായ് ...
ഓ മഹാ കവാടമേ ...

## 5. കാരുണ്യരൂപനാം പ്രഭോ

കാരുണ്യരൂപനാം പ്രഭോ നീ ദയാലുവാണല്ലോ (2)
നിൻ ക്ഷമാവരം ഏകീടു മഹേശ്വരാ! -കാരുണ്യ

1. ദ്രോഹിയാണു ഞാൻ വിഭോ ദ്രോഹമോചനം തരൂ
എന്നിസീമ പാപങ്ങൾ മായ്ച്ചീടണേ വിഭോ -കാരുണ്യ
2. ദോഷമാകെയാർന്നു ഞാൻ ഘോരപാപി ഞാനിതാ
പാപമേതുമെൻ മുന്നിൽ കാണുന്നു സദാ വിഭോ -കാരുണ്യ
3. കേവലം നിന്നോടു ഞാൻ ചെയ്തുപോയി പാപങ്ങൾ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

നീതി നീ തന്നീടുന്നു നിഷ്പക്ഷം അഹോ വിധി -കാരുണ്യ

4. പാപിയാണു ഞാനയ്യോ; ഘോരപാപി ഞാനിതാ
അമ്മതൻ ഗർഭേയിദം ജന്മമാർന്നു ദേവ ഞാൻ

5. കാരുണ്യരൂപനാം പ്രഭോ നീ ദയാലുവാണല്ലോ
സാന്ത്വനം ക്ഷമാവരം ഏകീടു മഹേശ്വരാ -കാരുണ്യ

## 6. ജയഘോഷിതരവമോടിഹ

1. ജയഘോഷിതരവമോടിഹ പരിത്രാണകവിഭുവിൻ
പുകളോതിയ തിറവോലുമി സ്തുതിപാടുക സതതം
ജയചിന്മയ ജയ ശാശ്വത ജയനായക ചരണം
ജയ നിൻമുഖ കമലം മമ മനബന്ധുരശരണം

2. പ്രഭുതാനധിപതി നായകനഖിലേശ്വര നിയതൻ
നിജകൈകളിലവനീതലമതുമുന്നത ഗിരിയും
തിരുസ്സന്നിധിയതുപുകിയ മനമേ വരുകനിശം
സകലേശനു സ്തുതി പാടുക മഹിമാന്വിത മധുരം

3. മഹിസാഗര ഗഗനാംബുധി സകലേശ്വര വിഭുവിൻ
നതശീർഷക നിനവോർത്തിഹ സ്തുതി വന്ദനമരുളാൻ
അണിചേരുക പ്രഭു നമ്മുടെ അഖിലേശ്വരനധിപൻ
തൃണസാനുവിലജ ജാലം നാം അധിനായകനിടയൻ
(ജയഘോഷിത.........)



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

## 7. നാഥൻ കൃപാലു ഇടയൻ

നാഥൻ കൃപാലു ഇടയൻ മമ ജീവരക്ഷതരുവോൻ
പൂവോലും പുൽത്തകിടികൾ മേച്ചിൽ വിരിച്ചവയല്ലോ
- നാഥൻ കൃപാലു ഇടയൻ
തെളിവാർന്ന തീർത്ഥപാനംചെയ്തു വിശ്രാന്തിയണയാൻ
പീയൂഷശീതളമാകും ആരമ്യനിലയം പൂകും
ആരമ്യനിലയംപൂകും
- നാഥൻ കൃപാലു ഇടയൻ
കുറവേതുമേയെനിക്കില്ല സുഖമോലുമെന്റെ വാസം
നാഥന്റെ മേട്ടിലെന്നും ആനന്ദമേളനമല്ലോ,
ആനന്ദമേളനമല്ലോ
- നാഥൻ കൃപാലു ഇടയൻ
പുകപോലെ മൃത്യുമിഴലു ചൂഴ്ന്നാലുമാകെ വിരവിൽ
നൈരാശ്യമേന്തി ഭീരു ആകില്ല ഞാനൊരുതെല്ലും
ആകില്ല ഞാനൊരു തെല്ലും
- നാഥൻ കൃപാലു ഇടയൻ
സുപഥേ നയിക്കുന്ന ദണ്ഡും നീയേകുമുന്നുവടിയും
ധീരാത്മഭാവനാക്കാൻ എന്നെയനുഗമിക്കുന്നു,
- നാഥൻ കൃപാലു ഇടയൻ
നവതൈലലേപസുധയാൽ എൻമേനി പൂശുന്നിടയൻ
പാനീയഭോജനങ്ങൾ സമ്പൽ വിധേനതരുന്നു



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

സമ്പൽ വിധേനതരുന്നു
- നാഥൻ കൃപാലു ഇടയൻ
കൃപയും നല്ലാശിസ്സുമെല്ലാം ഏകീടുവോനെന്നിടയാ
വാഴും സൗഭാഗ്യമോടെ ഞാൻ നിൻ ഗൃഹാന്തികത്തിൽ
- നാഥൻ കൃപാലു ഇടയൻ

## 8. വാഴ്ത്തുന്നിതായെന്നീശാ

വാഴ്ത്തുന്നിതായെന്നീശാ മമദേഹിയാത്മഭാവം
മനവീണമീട്ടിടുന്നു പുതുമോദമാർന്നു നാഥാ
എളിയോരുദാസിയിവളേ സമ്പുതനാമൻ പാർത്തു
ധന്യാഭിവാദ്യമേകും കാലാതികാല ലോകം.
ഈ ദാസി തന്നിലീശൻ അത്യത്ഭുതങ്ങൾ ചെയ്തു
പ്രഭു നിൻ മഹാർഹനാമം പുണ്യാഭിധാനമെന്നും
പുരുഷാന്തരങ്ങളോളം വരമേകിടുന്ന സഖ്യം
ചരണാശ്രിതർക്കു പാരിൽ കാരുണ്യവാനധീശൻ
ലോകോന്മുഖം യശസ്സിൽ അഹങ്കാരമാകെ താഴ്ത്തി
അയച്ചു ധനേശരേത്താൻ കൃപകാട്ടിടാതെ തെല്ലും
എളിയോർക്കുത്ഥാനമേകി സൗഭാഗ്യപൂർണ്ണരാക്കി
പശിയാർന്നഭാഗ ഗണത്തെ പരിതൃപ്തരാക്കി നാഥൻ
ആശ്വാസമേകി സാക്ഷാൽ വാഗ്ദാനമോർത്തുനാഥൻ
കരുണാഭിലാഷമാർന്നു അബ്രാഹമിന്റെ മക്കൾ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 9. മഹിത മഹോന്നതനാണു പരൻ

1. മഹിത മഹോന്നതനാണു പരൻ, ശുഭതമ
ശ്രീകരദിവ്യവരൻ
ഉരുതര സ്നേഹസുധാംബുധിതാൻ, നിജ ജയ
ഗീതികപാടിടുവിൻ
നിജജനമേകിടുവിൻ സ്തോത്രം, ജയജഗദീശനിദം (2)

2 .പനിമതി താരകവ്യോമതലം പരിമളലാളിതസുനദളം
നിജകരകൗശല സൃഷ്ടിവിധം
നിരുപമമോഹനതാളലയം
നിജജനമേകിടുവിൻ സ്തോത്രം ജയജഗദീശനിദം (2)

3. കരിമുകിലേറ്റി വിതാനിതമാം
തിരവിരിചാർത്തുമധീശപരൻ
മരതക മഞ്ജുളമാലകളാൽ ഗിരിതലമാകെ വിരിച്ചുപരൻ
നിജജനമേകിടുവിൻ സ്തോത്രം ജയജഗദീശനിദം (2)

4. പറയുകിതാരു തരുന്നു ധരേ പലവുരു
പ്രാണികളുണ്ടിടുവാൻ
പരിചൊടുനേടിയ ഭക്ഷണവും വയലിലെ
ധാന്യകവൃദ്ധിയതും
നിജജനമേകിടുവിൻ സ്തോത്രം ജയജഗദീശനിദം (2)

5. മൃദുലമനോഹരവീണകളാൽ ശ്രുതിപര
രാഗമുണർത്തിടുവിൻ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ജയജയ ഗാനസുധാമൃതമാം
മധുരിതധാരയൊഴുക്കിടുവിൻ
നിജജനമേകിടുവിൻ സ്തോത്രം ജയജഗദീശനിദം (2)

6. വിപുല പരാക്രമി ധീരകൃതൻ
പ്രഭുകൃപയോലുകയായിടുമോ?
തവകൃപയേകുവതാർക്കുവിഭോ എളിയജനത്തിന്
തന്നെ ദൃഢം
നിജജനമേകിടുവിൻ സ്തോത്രം ജയജയദീശനിദം (2)

7. നിജജനശോകനിവാരണനാം
ജനഗണത്രാണകനാണു പരൻ
ചിതറിയ തനയരെ ചേർത്തുസദാ വിരവൊടു
ജറുസലേം പണിയാൻ
നിജജനമേകിടുവിൻ സ്തോത്രം ജയജഗദീശനിദം (2)

8. നിരുപമ താതകൃപാനിധിയേ
നരഗണത്രാണകസൂനുവിഭോ
നിർമ്മലദിവ്യനരുപിപരാ പ്രതിനിമിഷംതവ
ശ്രീവിജയം
നിജജനമേകിടുവിൻ സ്തോത്രം ജയജഗദീശനിദം (2)



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

## 10.സകലേശനെന്റെ നാഥാ

സകലേശനെന്റെ നാഥാ ഉണർത്തീടുന്നാത്മതാപം
സഹതാപമാർന്നുവേഗം ഏകീടണേ കടാക്ഷം
വിഷമങ്ങളാകെ തീരാ ദുഃഖങ്ങളായിടുമ്പോൾ
കരുണാദ്രനായി താതാ തന്നീടണേ സഹായം
അലിയാത്തനെഞ്ചിനുള്ളിൽ അഭിമാനമെന്തുമനുജാ
മറിമായ മിഥ്യ പിമ്പേ ഓടാനിതെന്തു ബന്ധം?
ഭയഭക്തിയാർന്ന സുതരേ ദൈവം കനിഞ്ഞുതാങ്ങും
വിരവിൽ വിളിച്ചിടുമ്പോൾ കാതോർത്തു കേൾക്കുമീശൻ
മനുജാ നിറഞ്ഞ ഭക്തി പരമാർത്ഥമാക്കിടേണം
എതിരേവരുന്നദോഷം അതിയായ് വെറുത്തിടേണം
മനനം നടത്തി ശാന്തം ധ്യാനത്തിലാഴ്ന്നിടേണം
കിടന്നീടുമക്ഷണത്തിൽ പരിചിന്ത്യനായ് ശയിക്കു
പരിചിൽ പ്രസാദപൂർവ്വം പൂജക്കൊരുങ്ങവേണം
സകലേശ പാദപത്മേ ബലിയെന്നുമേകിടേണം
പലരും നിരൂപിച്ചേവം ചോദിച്ചിടുന്നു ചോദ്യം,
"കരുണാസഹായമേകാൻ ആരാണു ഭുവിലീശാ"
ധനധാന്യരാശി കൂടും സമ്പന്നമർത്യനേക്കാൾ
അരുളീ ഹൃദന്തമെന്നിൽ ആനന്ദഹർഷമീശൻ
ഉറങ്ങീടുമെന്നുമേ ഞാൻ നിൻ ശാന്തി തന്നിലീശാ
പൊരുളേ തരുന്നു പാരിൽ സംരക്ഷണം സദാ നീ.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 11.ജയ ജയ നിൻതിരുസന്നിധിയിൽ

1. ജയ ജയ നിൻതിരുസന്നിധിയിൽ തവ തിരുഗേഹ
സുരമ്യതയിൽ
നിൻപ്രശാന്തതചൂഴുമഹോ തിറമണിവിണ്മയ
വീഥിയിതിൽ
ജയ ജഗദീശ വിഭോ സ്തോത്രം
ജയ ജഗദീശ വിഭോ (2)

2. നിൻ നിസ്സീമ മഹോ ശുഭദം
കരബലപ്രാഭവഗീതിയിതിൽ
നിൻ പ്രതാപമതിൻ മഹിമാ
പ്രകരണകീർത്തനവീചിയിതിൽ
ജയ ജഗദീശ വിഭോ സ്തോത്രം
ജയ ജഗദീശ വിഭോ (2)

3. തവജയകാഹളധ്വാനമതാം ജയ ജയ
മേളവിധാനമതായ്
മധുരിതമാം മണിവീണയതിൻ
പരിമൃദുക്വാണവിലീനതയായ്
ജയ ജഗദീശ വിഭോ സ്തോത്രം
ജയ ജഗദീശ വിഭോ (2)



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

4. മധുരമനോഹരനാദമൊരുക്കും
മുഖരിതതാളവിശേഷമതായ്
ശ്രുതിപരമോഹനതന്ത്രിയിലുണരും ഇമ്പമയം
നിജഗാനമതായ്
ജയ ജഗദീശ വിഭോ സ്തോത്രം
ജയ ജഗദീശ വിഭോ (2)

5. നിരുപമ താത കൃപാനിധിയേ
നരഗണത്രാണകസൂനുവിഭോ
നിർമ്മല ദിവ്യനരൂപി പരാ പ്രതിനിമിഷം തവ
ശ്രീവിജയം
ജയ ജഗദീശ വിഭോ സ്തോത്രം
ജയ ജഗദീശ വിഭോ (2)



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# marggam
Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter’s Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org

www.TheCMSIndia.org